പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 881 05.03.2018-ൽ മറുപടിക്ക്

## പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലങ്ങൾ അപ്രോച്ച് റോഡ് നിർമ്മിക്കാത്തത് മൂലം ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി). & (സി) അവയുടെ വിശദാംശങ്ങളും, അവ ഗതാഗത യോഗ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികളുടേയും വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി). ഇവ ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതു കാരണം ഗതാഗത യോഗ്യമല്ലാതെ കിടക്കുന്ന പാലങ്ങളുടെയും അവ ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ

നിയമസഭാ ചോദ്യം നം. 881

| ക്രമ നം. | പാലങ്ങളുടെ പേര് | സ്വീകരിച്ച നടപടികൾ |
|---|---|---|
| | **പത്തനംതിട്ട ഡിവിഷൻ** | |
| 1. | പനച്ചിമൂട്ടിൽ കടവ് പാലം | അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 2. | ഓട്ടാഫീസ് കടവ് പാലം | അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3. | കാവനാൽ കടവ് പാലം | എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| | **മൂവാറ്റുപുഴ ഡിവിഷൻ** | |
| 4. | മൂവാറ്റുപുഴ ബൈപ്പാസിന്റെ ഭാഗമായ മുറിക്കല്ല് പാലം | അപ്രോച്ച് റോഡുകൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടന്നുവരികയാണ്. ഫണ്ടിന്റെ ലഭ്യതക്കുറവും, കേസുകളും നിമിത്തമുള്ള തടസ്സങ്ങൾ നീങ്ങിയാൽ സ്ഥലം ഏറ്റെടുത്ത് അപ്രോച്ച് റോഡുകൾ പൂർത്തീകരിക്കാവുന്നതാണ്. |
| 5. | തങ്കളം കോഴിപ്പിള്ളി ബൈപ്പാസിന്റെ ഭാഗമായ കുരൂർ പാലം | |
| | **ഇടുക്കി ഡിവിഷൻ** | |
| 6. | തൊടുപുഴയിലെ മാരിയിൽ കലുങ്ക് പാലം | ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വൂസിഷൻ ഫോം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| | **എറണാകുളം ഡിവിഷൻ** | |
| 7. | ആലുങ്കൽ കടവ് പാലം | സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആവശ്യമായ ഫണ്ടിന്റെ അഡ്വാൻസ് തുക സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| | **മഞ്ചേരി ഡിവിഷൻ** | |
| 8. | താഴെപ്പാലം - തിരൂർ | സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| | **വയനാട് ഡിവിഷൻ** | |
| 9. | തുർക്കി പാലം | അപ്രോച്ച് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| 10. | ചീക്കല്ലൂർ പാലം | ഈ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലവുമായി ബന്ധപ്പെട്ട് കേസുണ്ടായിരുന്നെങ്കിലും അത് തീർപ്പാവുകയും, പഞ്ചായത്ത് അധികൃതരിൽ നിന്നും ഫിസിക്കലായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **കോഴിക്കോട് ഡിവിഷൻ** | | |
| 11. | കോവിലകം പാലം | സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **കണ്ണൂർ ഡിവിഷൻ** | | |
| 12. | മേലൂർക്കടവ് പാലം അഞ്ചക്കണ്ടി പുഴയ്ക്കു കുറുകെ | അപ്രോച്ച് റോഡ് നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 700 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

S. Bindu
സെക്ഷൻ ഓഫീസർ